2) കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു അഞ്ചംഗ കമ്മറ്റി രൂപീകരിക്കുക.

3) എൻ.സി.സി.യെ കോളേജുതലത്തിലെ പാഠ്യവിഷയങ്ങളുമായി സംയോജിപ്പിക്കുന്നതു സംബന്ധിച്ച് സർവകലാശാലകളുമായി ചർച്ചചെയ്യുക.

4) അന്തർ സർവകലാശാല സ്ഥലമാറ്റനിയമ പ്രകാരം സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ശമ്പളം സംരക്ഷിക്കുക, ശമ്പളം തിട്ടപ്പെടുത്തുക.

5) പ്രീഡിഗ്രി കോഴ്സിലേയ്ക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ 2000-മാണ്ടുവരെ തുടരുക.

6) കോഴിക്കോട് സർവകലാശാലയ്ക്കുവേണ്ടി കോഴിക്കോട് ഗവൺമെൻറ് ആർട്ട്സ് ആന്റ് സയൻസ് കോളേജിന്റെ ഒരേക്കർ സ്ഥലം നൽകുക.

7) ഔദ്യോഗിക ആവശ്യങ്ങൾക്കായി തിരുവനന്തപുരത്തു വരുന്ന മറ്റു സർവകലാശാലകളിലെ ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിന് ഒരു ഫ്ളാറ്റ് വാങ്ങുക.

8) അൺ എയ്ഡഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് സർവകലാശാല കലാ-കായികമത്സരങ്ങളിലും യൂണിവേഴ്സിറ്റി യൂണിയൻ പ്രവർത്തനങ്ങളിലും പങ്കെടുക്കാൻ അനുവാദം നൽകുക.

9) സർവകലാശാലകളിലെ ബി.എഡ് സെന്ററുകളിലേയ്ക്ക് സ്കൂൾ സർവീസിൽ നിന്നും യോഗ്യതയുള്ള അദ്ധ്യാപകരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിക്കുക.

10) ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി അത്താതു സർവകലാശാലകൾ നടപടി കൈക്കൊള്ളുക.

(സി) ഈ ശുപാർശകൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

15 (*101) ഭവന നിർമ്മാണ രംഗത്തെ പുതിയ പദ്ധതികൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ രംഗത്തെ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വീടില്ലാത്തവർക്കെല്ലാം വീടു നിർമ്മിച്ചുകൊടുക്കുന്നതിന് സമയബന്ധിതമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാശം അറിയിക്കുമോ;

(ഡി) സർക്കാർ ആവിഷ്കരിച്ച വിവിധ ഭവന നിർമ്മാണ പദ്ധതികളനുസരിച്ച് ഇതിനകം എത്ര വീടുകൾ വീതം നിർമ്മിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഹഡ്കോയുടെ സഹായത്തോടെ കശുവണ്ടി, കയർ, കൈത്തറി, ബീഡി, ഖാദി, ഗ്രാമീണ, വ്യവസായങ്ങൾ, ചെറുകിടതോട്ടങ്ങൾ എന്നീ മേഖല

LIBRARY ARCHIVES Kerala Legislative Assembly

കളിലെ തൊഴിലാളികൾ, പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ എന്നിവർക്കായി ഭവന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഈ പദ്ധതിയനുസരിച്ച് എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) പുതിയ ഭവന നിർമ്മാണ പദ്ധതികൾ മൈത്രീപദ്ധതി, ത്രിതല പഞ്ചായത്തുകൾ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള സുവർണ്ണ ജൂബിലി സമ്പൂർണ്ണ പാർപ്പിട പദ്ധതി തുടങ്ങിയവയാണ്.

(ബി)-(ഡി) രണ്ടു വർഷം കൊണ്ട് 5 ലക്ഷം ഭവനങ്ങൾ നിർമ്മിച്ച് ഭവന രഹിതർക്കെല്ലാം വീടുകൾ നൽകുവാനാണ് ഗവൺമെന്റ് പരിപാടിയിട്ടിരിക്കുന്നത്. ഇതനുസരിച്ച് 1996-97-ൽ 82412 വീടുകളും 1997-99-ൽ 1,31397 വീടുകളും 1998-99-ൽ 2,44853 വീടുകളും 1999-2000-ൽ 88,347 വീടുകളും ഉൾപ്പെടെ ആകെ 4,47009 വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

(ഇ)&(എഫ്) ഈ വിഭാഗങ്ങളിലെ തൊഴിലാളികൾക്കും മൈത്രി ഭവന പദ്ധതി പ്രകാരം ആനുകൂല്യം നൽകി വരുന്നു.

16 (*102) ഹയർ സെക്കന്ററി നിയമനത്തിന് പ്രവേശന പരീക്ഷ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വി.എച്ച്.എസ്. ഇ പ്ലസ് ടു സ്കൂളുകളിലെ നിയമനത്തിന് പ്രവേശന പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതു താഴേ തലങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) പ്ലസ് ടു സ്കൂളുകളിൽ നിയമനത്തിന് പ്രവേശന പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. വി.എച്ച്.എസ്.ഇ.ക്ക് പ്രവേശന പരീക്ഷ നടത്താൻ ഉദ്ദേശമില്ല.

(ബി) വിശദാംശങ്ങൾ അനുബന്ധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) ഉദ്ദേശ്യമില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

17 (*103) സ്കൂളുകൾ ദത്തെടുക്കുന്ന പദ്ധതി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ.സി. ജോസഫ് :

LIBRARY ARCHIVES Kerala Legislative Assembly